"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നത് - വാടക തുടർന്നും നൽകുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.587/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

---

പരാമർശം:-

1. സ.ഉ.(സാധാ.) നം. 301/2013/ത.സ്വ.ഭ.വ; തീയതി 04.02.2013.
2. സ.ഉ.(സാധാ.) നം. 386/2019/ത.സ്വ.ഭ.വ; തീയതി 22.02.2019.
3. ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 05.01.2022-ൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്
4. പഞ്ചായത്ത് ഡയറക്ടറുടെ 08.01.2022-ലെ PAN/15078/2021-G1(DP) നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം - 2.5 ഖണ്ഡിക 4.67

**ഉത്തരവ്**

തദ്ദേശ സ്ഥാപന പരിധിയിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിങ്ങിനുമായി ഒരു ലക്ഷം രൂപയും ചെലവഴിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ വാടക കാലാവധി 5 വർഷമായി നിജപ്പെടുത്തിയും രണ്ടിലധികം മാവേലിസ്റ്റോറുകൾക്ക് വാടകരഹിതമായി കെട്ടിടം നൽകേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്തും ഉത്തരവായിരുന്നു.

2. സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് നിലവിൽ 843 മാവേലി സ്റ്റോറുകളാണ് ഉള്ളത്. അവയിൽ ബഹുഭൂരിപക്ഷവും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പ്രകാരം സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നതിനാൽ

മാവേലി സ്റ്റോറുകളുടെ നടത്തിപ്പിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന് സപ്ലൈകോ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

3. പരാമർശിത ഉത്തരവുകൾ ഭേദഗതി ചെയ്യണമെന്നും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ചിട്ടപ്പെടുത്തണമെന്നും പരാമർശം (4) യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ഇത് പ്രകാരം വിശദമായ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. പരാമർശം (5) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ചിട്ടപ്പെടുത്തുന്നതിനായി ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

i. സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾക്ക് തദ്ദേശഭരണ സ്ഥാപനം വാടകരഹിത കെട്ടിടം നൽകിയിട്ടുള്ള കേസുകളിൽ അവ പ്രവർത്തിക്കുന്ന കാലമത്രയും കാലപരിധിയില്ലാതെ വാടക തുടർന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം (ഗ്രാമപഞ്ചായത്ത് / നഗരസഭ) തന്നെ നൽകണം.

ii. മാവേലിസ്റ്റോറുകളുടെ വാടക മാത്രമായിരിക്കും മേൽപറഞ്ഞപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു (ഗ്രാമപഞ്ചായത്ത് / നഗരസഭ) നൽകുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുക. സപ്ലൈക്കോയുടെ സൂപ്പർമാർക്കറ്റ് ഉൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല .

iii. പ്രസ്തുത മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലം, കെട്ടിടത്തിന്റെ വാടക, കെട്ടിടമാറ്റം, പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ, പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ കെട്ടിടം തെരഞ്ഞെടുക്കൽ തുടങ്ങിയവ മോണിറ്റർ ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയുടെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

iv. സപ്ലൈക്കോയുമായി ഇത്തരം കാര്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് ഉറപ്പവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ,വൈസ് പ്രസിഡന്റ് / നഗരസഭ ചെയർമാൻ / മേയർ അദ്ധ്യക്ഷനും സപ്ലൈക്കോയുടെ ബന്ധപ്പെട്ട ഡിപ്പോ മാനേജർ കൺവീനറും പൊതു വിതരണ സമ്പ്രദായം എന്ന വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ, മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന വാർഡിന്റെ അംഗം/ അംഗങ്ങൾ സപ്ലൈകോയുടെ ബന്ധപ്പെട്ട ജൂനിയർ മാനേജർ, മാവേലി സ്റ്റോറിന്റെ മാനേജർ/ മാനേജർമാർ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുൾപ്പെട്ട ഗ്രാമപഞ്ചായത്തുതല / നഗരസഭാതല സമിതി രൂപീകരിക്കേണ്ടതാണ്.

v. തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇവർ നിർബന്ധമായും നിരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ഇടപെടൽ നടത്തേണ്ടതാണ്.

vi. തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ ഗ്രാമ പഞ്ചായത്തുകളുടെ/ നഗരസഭയുടെ നേതൃത്വത്തിലോ, നേരിട്ടോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ഗ്രാമ പഞ്ചായത്തുകളിലെ/ നഗരസഭകളിലെ കുടുംബശ്രീ യൂണിറ്റുകൾ / സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവരുടെ, ഉൽപ്പന്നങ്ങളും മാവേലിസ്റ്റോർ വഴി വില്പന നടത്തുന്നതിനു സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

vii. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ വാടക നൽകി പ്രവർത്തിക്കുന്ന മാവേലി

സ്റ്റോറുകളിൽ താൽക്കാലിക ജീവനക്കാരെ നിയോഗിക്കുമ്പോൾ ഗ്രാമപഞ്ചായത്ത്/ നഗരസഭയിലെ കുടുംബശ്രീ/ സിഡിഎസ് മുഖേനയുള്ള അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.

viii. തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ വാടക തുടർന്ന് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് / നഗരസഭയ്ക്ക് സാധിക്കാതെ വരുന്ന അവസരത്തിൽ മുകളിൽ പറഞ്ഞ മോണിട്ടറിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ തീരുമാനം അറിയിച്ച് ചർച്ച ചെയ്ത് വാടക ബാധ്യതയിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ / നഗരസഭയെ ഒഴിവാക്കാവുന്നതാണ്. തുടർന്ന് പ്രസ്തുത മാവേലിസ്റ്റോർ തുടരണമോ എന്നത് പൂർണ്ണമായും സപ്ലൈക്കോയുടെ തീരുമാനമായിരിക്കും. അപ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനം വാടക നൽകാതെ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ / നഗരസഭകളുടെ അധികാരം കേരള പഞ്ചായത്ത് രാജ് പട്ടിക മൂന്നിലും നഗരപാലിക പട്ടിക ഒന്നിലും പറയുന്നത് മാത്രമായി മാറുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകിവരുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനം നിർത്തി വയ്ക്കാൻ സപ്ലൈകോ ഏകപക്ഷീയമായി തീരുമാനിക്കാൻ പാടില്ല. ഇത് പഞ്ചായത്ത് തല / നഗരസഭാതല സമിതിയിൽ മുൻകൂട്ടി ചർച്ച ചെയ്യേണ്ടതുമാണ്.

5. പരാമർശം (1), (2) ഉത്തരവുകൾ മേൽ പ്രകാരം ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
12. ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്
13. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

20. തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 10-03-2022 17:45:01**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്